## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2144** **15.07.2011-ൽ മറുപടിയ്ക്ക്**

### വിദ്യാലയങ്ങളിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മലയാളം ഒന്നാം ഭാഷയാക്കു - മ്പോൾ പഠന സമയത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ; | (എ) മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിന്റെ ഭാഗമായി പഠനസമയത്തിൽ മാറ്റം വരുത്തേണ്ടതായി വരും. പുതുതായി ഇതിന് വേണ്ട പിരീഡ് സൃഷ്ടിക്കുന്നതിന് മൊത്തം പിരീഡുകളുടെ ദൈർഘ്യത്തിൽ ചില ക്രമീകരണങ്ങൾ വരുത്തുവാൻ ആലോചിക്കുന്നു. ഇക്കാര്യത്തെ - ക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. |
| (ബി) സ്കൂളുകളിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതോടെ എത്ര പുതിയ മലയാളം അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കപ്പെടേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) അധിക തസ്തിക സൃഷ്ടിക്കാതെ തന്നെ സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കിക്കൊണ്ട് 27.06.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം: 148/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. |

(.................2)

| | |
|---|---|
| (സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ